ശ്രീ. കെ. പുരുഷോത്തമൻ: കാസർകോഡ് നോ ഇൻഡസ്ട്രി ഏരിയയാണ്. അവിടെ ആരംഭിച്ച ഏക വ്യവസായ സംരംഭം ടെക്സ്റൈൽ മില്ലാണ്. 1982-ൽ മന്ത്രിതന്നെയാണ് അതിന് തറക്കല്ലിട്ടത്. അതിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ടെക്സ്റൈൽ മില്ലുകളെ സംബന്ധിച്ച് ഈയിടെ കേന്ദ്രഗവൺമെന്റിൽനിന്നും സംസ്ഥാന ഗവൺമെന്റിന് കിട്ടിയ നിർദ്ദേശം അനുസരിച്ച് ടെക്സ്റൈൽ മില്ലുകൾ സ്ലോ ഡൗൺ ചെയ്തിരിക്കുകയാണ്. എങ്കിലും കഴിയുന്നത്ര വേഗം അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

നൂലിന്റെ ദൗർലഭ്യം

* 124 [166] ശ്രീ. എം.കെ. കേശവൻ:
,, കെ.വി. സുരേന്ദ്രനാഥ്:
,, കെ.ടി. കണാരൻ:
,, കെ.പി. പ്രഭാകരൻ:
,, കെ.ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂലിന്റെ ദൗർലഭ്യം മൂലം കേരളത്തിലെ കൈത്തറി വ്യവസായം പ്രതിസന്ധികൾ തുടർച്ചയായി നേരിടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നൂലിന്റെ ക്ഷാമം ഫലപ്രദമായി പരിഹരിക്കുവാൻ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി) നൂലിന് ഇപ്പോൾ ദൗർലഭ്യം ഇല്ല. അതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം.കെ. കേശവൻ: സർ, കൈത്തറി നെയ്ത്തു തൊഴിലാളികൾ, അവർക്കാവശ്യമായ നൂൽ കിട്ടാത്തതുകൊണ്ട് തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നു എന്നു പറഞ്ഞുകൊണ്ട് ഗവൺമെന്റിൽ നിവേദനം നൽകുകയും പ്രക്ഷോഭണം നടത്തുകയും ചെയ്ത സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഈ നൂൽ ദൗർലഭ്യം പരിഹരിക്കുവാൻവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: അങ്ങനെയൊരു സിറ്റുവേഷൻ കുറച്ചു മുമ്പുണ്ടായിരുന്നു. അതിനെത്തുടർന്ന് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി രണ്ട് നൂൽ ബാങ്കുകൾ ആരംഭിക്കുകയും ഹാൻടെക്സും ഹാൻവീവും വേണ്ടത്ര നൂല് സംഭരിച്ചു സൊസൈറ്റികൾക്ക് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ഈ പ്രശ്നം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. കേശവൻ: നമ്മുടെ സംസ്ഥാന ഗവൺമെൻറ് ഏറെടുത്തിട്ടുള്ള 3 സ്പിന്നിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന നൂല് നമ്മുടെ സംസ്ഥാനത്തിലെ കൈത്തറി സംഘങ്ങളിലെ തൊഴിലാളികൾക്ക് ആവശ്യമായ തരത്തിൽ വിതരണം ചെയ്യാൻ കഴിയുമോ; അതിനാവശ്യമായ അളവിൽ നൂൽ ഈ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: സംസ്ഥാന ഉടമയിലുള്ള ടെക്സ്റ്റൈൽ കോർപ്പറേഷനിലേയും ഹാൻടെക്സ് ഹാൻവീവ് സ്ഥാപനങ്ങളിലെയും മേലധികാരികളും ഇതു സംബന്ധിച്ചു ചർച്ചകളും നടത്തി ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര ഗവൺമെൻറ് നിയന്ത്രണത്തിലുള്ള ദേശീയ കൈത്തറി വികസന കോർപ്പറേഷൻ മില്ലുകൾക്കാവശ്യമായ നൂൽ വിതരണം ചെയ്യാൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

ശ്രീ. കെ.ടി. കണാരൻ: സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന വീവേഴ്സ് സൊസൈറ്റികൾക്ക് അവർക്കാവശ്യമായിട്ടുള്ള നൂൽ കിട്ടാത്തതിൻെറ ഫലമായി അവർ ഉദ്ദേശിക്കുന്ന തരത്തിൽ ഉൽപ്പാദനം നടത്താൻ കഴിയുന്നില്ലെന്ന പരാതി ഏതെങ്കിലും സൊസൈറ്റികളിൽ നിന്ന് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: അങ്ങനെ ചില പരാതികളും ചില സൊസൈറ്റികളിൽ നിന്നും ലഭിക്കാറുണ്ട്. അതിന് അപ്പപ്പോൾ തന്നെ ആവശ്യമായ സഹായസഹകരണങ്ങളും നൽകാൻ ഹാൻറ്ലൂം ഡയറക്ടർക്ക് നിർദ്ദേശം കൊടുക്കാറുമുണ്ട്.

ശ്രീ. കെ.ടി. കണാരൻ: ആവശ്യമുള്ളത്ര നൂൽ ലഭ്യമാക്കുന്നതിനു വേണ്ടി ഗവൺമെൻറ് ഈയിടെ രണ്ട് നൂൽ ബാങ്കുകളും തുടങ്ങി. ആ നൂൽ ബാങ്കുകളും തുടങ്ങിയതിനു ശേഷവും നൂൽ ലഭിക്കാത്ത കാര്യം സൊസൈറ്റികളും ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയാൽ അതിന് പരിഹാരം കാണാതിരിക്കുന്നതിൻെറ ഉദ്ദേശം എന്താണ്?

ശ്രീ. ഇ. അഹമ്മദ്: നൂൽ ലഭിക്കാത്തതിൻെറ പ്രശ്നം ഇപ്പോഴില്ല. സാമ്പത്തിക ബുദ്ധിമുട്ടുകളുള്ളതുകൊണ്ട് നൂൽ വാങ്ങാൻ കഴിയുന്നില്ല എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. സാമ്പത്തിക വിഷമതകളാണ് ഇപ്പോഴുള്ളത്.

ശ്രീ. കെ.പി. പ്രഭാകരൻ: നൂലിൻെറ വില വർദ്ധനവുമൂലം കൈത്തറിത്തുണികളും വർദ്ധിച്ച വിലയ്ക്കു വിറ്റഴിക്കാൻ കഴിയാത്ത പ്രയാസങ്ങളും നിലനിൽക്കുന്നു. ഈ കൈത്തറി വ്യവസായത്തിന് നിയന്ത്രിത വിലയ്ക്ക് നൂൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: നൂലിൻെറ വില ഫ്ളക്ച്വേറ്റുചെയ്യുകയാണ്. ലോവർ കൗണ്ടിനു വില കുറഞ്ഞുവരികയാണ്. വലിയ കൗണ്ടിനു വില വർദ്ധിച്ചുവരികയാണ്. അതു നിയന്ത്രിക്കുന്നതിന് ഹാൻടെക്സിലും ഹാൻവീവിലും ചില സംവിധാനങ്ങളും ചെയ്തിട്ടുണ്ട്. 1985–86–ൽ ഹാൻടെക്സ് 250 ലക്ഷം രൂപയുടെ നൂൽ സംഭരിച്ചു വിതരണം ചെയ്യണമെന്നു ലക്ഷ്യം ഇട്ടിട്ടുണ്ട്. അതുപോലെതന്നെ ഈ കാലയളവിൽ ഹാൻവീവ് 225 ലക്ഷം രൂപയുടെ നൂൽ സംഭരിച്ചു അവരുടെ കീഴിലുള്ള സൊസൈറ്റികൾക്ക് വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. പ്രഭാകരൻ: കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ച പുതിയ ടെക്സ്റൈൽ നിയമമനുസരിച്ച് കൺട്രോൾ, ജനറൽ തുണികളുടെ ഉൽപ്പാദനം കൈത്തറിവ്യവസായത്തെ ഏൽപ്പിക്കുമെന്നാണ് പറയുന്നത്. അങ്ങനെ ഏൽപ്പിക്കുമ്പോൾ ഗവൺമെൻറ് നിശ്ചയിക്കുന്ന നിയന്ത്രിതവിലയ്ക്ക് തുണി വിൽക്കുന്നതിനനുസൃതമായി നിയന്ത്രിത വിലയ്ക്ക് നൂൽ ലഭ്യമാക്കാൻ എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ഇ. അഹമ്മദ്: ഉൽപ്പാദനം കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ട് മാത്രമേ ഇതിനെ സംബന്ധിച്ചു തീരുമാനിക്കാനാവുകയുള്ളൂ. അതിൻറെ അടിസ്ഥാനത്തിൽ ഗവൺമെൻറ് ഇതു പരിശോധിച്ചു വരികയാണ്.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: ഇൻഡ്യാഗവൺമെൻറ് നിയമിച്ച ഒരു ഉന്നതാധികാര സമിതി മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന നൂലിൻറെ 60 ശതമാനം കൈത്തറി മേഖലയ്ക്കാവശ്യമുള്ള കുഴിനൂൽ ഉൽപ്പാദിപ്പിക്കണമെന്നു ശുപാർശ ചെയ്തിട്ടുണ്ട്. ഈ തീരുമാനം നടപ്പാക്കാത്തതുമൂലം കൂടെക്കൂടെ നൂലിന് ദൗർലഭ്യവും വില വർദ്ധനവും ഉണ്ടാകുന്നു. വില സ്റേബിൾ അല്ലെന്ന് മന്ത്രി പറഞ്ഞു. വില സ്റേബിളാക്കാനും എല്ലാ കാലഘട്ടത്തിലും ആവശ്യമായ നൂൽ കിട്ടാനുമുള്ള ശുപാർശ കർശനമായി നടപ്പാക്കാൻ കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെടുമോ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതടക്കമുള്ള ഇത്തരം പ്രശ്നങ്ങൾ അതാത് അവസരത്തിൽ കേന്ദ്രഗവൺമെൻറിൻറെ ശ്രദ്ധയിൽപെടുത്താറുണ്ട്.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: കൃത്രിമനാരിൻറേയും നൂലിൻറേയും എക്സൈസ് തീരുവയും കസ്റംസ് തീരുവയും കുറവു ചെയ്ത നടപടിമൂലം കേന്ദ്രത്തിന് 131 കോടി രൂപയുടെ നഷ്ടം ഉണ്ട്. ഇതുകൂടാതെ കൈത്തറി മേഖലയിലെ തീരുവ റദ്ദ് ചെയ്ത നടപടി നമ്മെ എങ്ങനെ ബാധിക്കുമെന്നാണ് സംസ്ഥാന ഗവൺമെൻറ് കരുതുന്നത്?

ശ്രീ. ഇ. അഹമ്മദ്: കൈത്തറിമേഖലയെ ഇതുപോലെയുള്ള നടപടികളും ദോഷകരമായി ബാധിക്കുമെന്നാണ് സംസ്ഥാന ഗവൺമെൻറ് മനസ്സിലാക്കുന്നത്.

ശ്രീ. ഇ.കെ. നായനാർ: ഗവൺമെൻറിൻറെ പുതിയ ഇറക്കുമതി നയത്തിൻറെ ഫലമായി നൂലിൻറെ വില വർദ്ധിച്ചിരിക്കുകയാണ്. അതിൻറെ ഫലമായി ജനതാ തുണിത്തരങ്ങൾ മാർക്കറ്റിൽനിന്നു അപ്രത്യക്ഷമാവാൻ പോവുകയാണ്. മിൽത്തുണികളുമായി കോംപീറ് ചെയ്യത്തക്ക നിലയിൽ നൂലിൻറെ വില കുറച്ചുകൊണ്ടുവരാൻ ഒരു സംവിധാനവും ഇന്നില്ല. ഇതിൻറെ ഫലമായി തൊഴിലില്ലായ്മ ഏറ്റവും അധികം വർദ്ധിക്കാൻ പോവുകയാണ്. ഇതിന് പരിഹാര നടപടി വല്ലതും എടുത്തിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിൻറെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly